©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഒക്ടോബർ 2<br>2nd October 2018<br>1194 കന്നി 16<br>16th Kanni 1194<br>1940 ആശ്വിനം 10<br>10th Aswina 1940 | നമ്പർ<br>No. | 39 |

## PART IV

# Private Advertisements and Miscellaneous Notifications

## LOCAL SELF GOVERNMENT (RD) DEPARTMENT

**Notice of the Government Regarding the Sanction of Master plan for Karunagappally Town under Section 36(8) of the Kerala Town and Country Planning Act, 2016**

**(Act 9 of 2016)**

It is hereby notified that the Master Plan for Karunagapally Town, in respect of the Local Planning Area consisting of the whole of Karunagappally Municipal Area with boundaries as described below:

| | | |
|---|---|---|
| North | : | Kulashekharapuram Panchayat |
| East | : | Thodiyur Panchayat, Panmana Panchayat |
| South | : | Panmana Panchayat |
| West | : | Alappad Panchayat |

Prepared by the Municipal Council of Karunagapally has been sanctioned by Government as per Section 36(8) of the Kerala Town and Country Planning Act, 2016 (Act 9 of 2016) vide Government Order G. O. (Ms.) No. 101/2018 /LSGD, dated 31-7-2018.

The Municipal Council of Karunagappally shall publish the Master Plan as provided under sub-section 10 of section 36 of the Kerala Town and Country Planning Act, 2016.

No person shall use or cause to use any land or carry out development in any land, or change the use of land otherwise than in conformity with this Plan.

(Sd.)
*Additional Chief Secretary to Government.*

Thiruvananthapuram.

---

## മ്യൂസിയം മൃഗശാലാ വകുപ്പ്

ദർഘാസ് പരസ്യം

നമ്പർ എം. ഇസഡ്(എഫ്)-2507/2017. 2018 സെപ്റ്റംബർ 14.

തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പിലെ അപ്പർ ഗാർഡൻ പരിസരം, മൃഗശാലാ ഓഫീസ്, മൃഗശാലാ ടിക്കറ്റ് കൗണ്ടർ എന്നിവിടങ്ങളിൽ ദിനംപ്രതി ഉണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിച്ച് പുറത്തേക്ക് കൊണ്ട് പോയി നീക്കം ചെയ്യുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും സീലുവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോട് കൂടി ആകെ ക്വാട്ട് ചെയ്യുന്ന തുകയുടെ 2.5% നിരതദ്രവ്യമായി ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡി. ഡി. ആയി നൽകേണ്ടതാണ്. സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര്, അഡ്രസ്സ് എന്നിവ വ്യക്തമായെഴുതിയ ദർഘാസുകൾ ഡയറക്ടർ, മ്യൂസിയം മൃഗശാലാ വകുപ്പ്, തിരുവനന്തപുരം എന്ന അഡ്രസിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ ദർഘാസ് ഫോമിൽ നൽകേണ്ടതാണ്. ദർഘാസ് ഫോമിന്റെ വില ₹ 800-ം വാറ്റുമാണ്. ഡ്യൂപ്ലിക്കേറ്റിന് ₹ 400-ം വാറ്റും അധികമായി ഒടുക്കേണ്ടതാണ്. വകുപ്പിലെ സ്വീപ്പർമാർ നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന വേസ്റ്റുകൾ സെക്ഷൻ മേധാവികൾ പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയോ, നിർദ്ദേശിക്കുന്ന സ്ഥലത്ത് നിന്നുള്ള ഖരമാലിന്യങ്ങൾ ദിനംപ്രതി നിർദ്ദേശാനുസരണം നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ ഓരോ ദിവസവും നിക്കം ചെയ്ത് കഴിയുമ്പോൾ അതാത് സ്ഥലത്ത് ഡ്യൂട്ടിയിലുള്ള ജീവനക്കാരെയും, സെക്ഷൻ മേധാവികളെയും വൃത്തിയാക്കിയത് ബോധ്യപ്പെടുത്തേണ്ടതും, മേലധികാരിയുടെയും, സൂപ്പർവൈസറി ഉദ്യോഗസ്ഥർമാരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. ദിനംപ്രതി മാലിന്യങ്ങൾ പുറത്ത് കൊണ്ടുപോയി നിക്ഷേപിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടെണ്ടർ ഉറപ്പിച്ച് ഏറ്റെടുക്കുന്നവർക്കായിരിക്കും. മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള കാലാവധി 1-11-2018 മുതൽ 31-10-2019 വരെയാണ്. എന്നാൽ 31-10-2019-ന് മുൻപായി കരാറുകാരന്റെ സേവനം വകുപ്പിന് ആവശ്യമില്ലാത്തപക്ഷം കരാർ അവസാനിപ്പിക്കുന്നതിനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്. ടെൻഡറിനോടൊപ്പം എഗ്രിമെന്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

A S -¦ Â X pl —₹ 4 ലക്ഷം.

ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നിൽകുന്നതും ഉത്തരവ് ലഭിക്കുന്ന വ്യക്തി, വകുപ്പ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ അംഗീകരിച്ച് ₹ 100-ന്റെ മുദ്രപത്രത്തിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്.

ദർഘാസ് ഫോറം 24-10-2018 മുതൽ 27-10-2018-ന് 3.30 വരെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 31-10-2018 ഉച്ചയ്ക്ക് 1 മണി വരെയാണ്. ദർഘാസുകൾ സമർപ്പിച്ചവരുടെയോ, അവർ ചുമതലപ്പെടുത്തുന്നവരുടെയോ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 3.30-ന് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസിനെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിനുള്ള പൂർണ്ണാധികാരം മ്യൂസിയം മൃഗശാല ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ബാധകമാണ്. ദർഘാസിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മ്യൂസിയം മൃഗശാലാ ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്. ടെൻഡർ അംഗീകരിച്ച് കിട്ടുന്ന വ്യക്തി മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിക്കേണ്ടതാണ്.

ഡയറക്ടറേറ്റ്,
മ്യൂസിയം മൃഗശാലാ വകുപ്പ്, (ഒപ്പ്)
തിരുവനന്തപുരം. ഡയറക്ടർ.